(എഫ്) ഇല്ല.

(ജി) 22-3-1999-ലെ പൊതുമരാമത്തുവകുപ്പിന്റെ ജി.ഒ (പി).38/99/പൊ.മ. പ്രകാരം എയ്ഡഡ് ഹൈസ്കൂളിന് 100 രൂപയും യു.പി. സ്കൂളിനും എൽ.പി. സ്കൂളിനും 75-രൂപ വീതവും അൺ എയ്ഡഡ് ഹൈസ്കൂളിന് 220 രൂപയും, യു.പി., എൽ.പി., സ്കൂളുകൾക്ക് 150 രൂപ വീതവുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാ ഫീസ്.

ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന ആവശ്യം

18 (*258) ശ്രീ. സി. ടി. മുഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മലബാർമേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മലബാറിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ടാറിന്റെ അഭാവം മൂലം മരാമത്ത് പണികൾ നടക്കുന്നില്ലെന്ന പരാതി

19 (*259) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾ യഥാസമയം നടക്കാത്തതിന്റെ ഒരു കാരണം ടാറിന്റെ ലഭ്യതക്കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി ടാറിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ ടാർ ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly